വി.എ മുഹമ്മദ് അശ്റഫ്

# ഭീകരത
# നവ ഓറിയന്റലിസ്റ്റ് വ്യാഖ്യാനങ്ങൾ

1930 – കളിൽ ലൂസിയാന ഗവർണറായിരുന്ന ഹ്യൂയേലാംഗ്, ഫാഷിസം അമേരിക്കയിലെത്തുക ഫാഷിസ്റ്റ് വിരുദ്ധത എന്ന മുഖംമൂടിയോടെ യായിരിക്കുമെന്ന് പ്രവ ചിച്ചിരുന്നു. അനേകം കൂട്ടക്കുരുതികളിൽ പ്രതികളാക്കപ്പെട്ടവരാണ് ഏരിയൽ ഷാരോണും മേന ച്ചം ബെഗിനും. ഇവരിലൊ ന്നും ഭീകരമുദ്ര കുത്താതെ, അതൊക്കെ അവരുടെ ക്രൂരതയുടെ ഇരകൾക്കുമേൽ ചാർത്താൻ സാമ്രാജ്യത്വം വെമ്പുമ്പോൾ അതിനെ എതിർക്കാനാണ് മനുഷ്യ സ്നേഹികൾ ധീരത കാട്ടേണ്ടത്.

**ഹിന്ദുത്വപ്രചാരണത്തിന്റെ** ഘടനയെയും രീതിശാസ്ത്രത്തെയും കുറിച്ച് കൃത്യ മായ ധാരണയുള്ള ഒരാൾക്കു മുമ്പിൽ പോലും, ആഗോളസാമ്രാജ്യത്വ ദുശ്ശക്തിക്ക് അപകടരഹിതമായി അവതരിക്കാനാവുമെന്ന് 'മുസ്ലിം തീവ്രവാദം ഇല്ലാതാക്കാൻ ഒരു ചിന്ത' എന്ന ജെ. രഘുവിന്റെ ലേഖനം (*കലാകൗമുദി* ലക്കം 1696) നമ്മെ ബോധ്യപ്പെടുത്തുന്നു. രഘുവിന്റെ ലേഖനത്തിൽ പ്രകടമാകുന്ന ചില മുൻവിധികൾ, ധാരണപ്പിശകുകൾ, വിശകലനത്തിന്റെ വസ്തുതാപരമായ അബദ്ധങ്ങൾ എന്നിവ ചൂണ്ടിക്കാട്ടാനാണ് ഉദ്ദേശിക്കുന്നത്.

അമേരിക്ക ഉൾപ്പെടെയുള്ള ആധുനിക പാശ്ചാത്യലോകവും ഇസ്ലാമും തമ്മിലുള്ള സംഘർഷത്തിന്റെ അടിവേരുകൾ വാസ്തവത്തിൽ ഇസ്ലാമിൽ തന്നെയാണ് എന്ന് രഘു എഴുതി(പേ-29). ഇതു ചരിത്രപരമായി നിലനിൽക്കുന്നതല്ല. പാശ്ചാത്യ-മുസ്ലിം സംഘർഷങ്ങളെ ഏറ്റുമുട്ടലിന്റെ കണ്ണിലൂടെ കാണാനുള്ള മുഖ്യപ്രേരണ 11 മുതൽ 13 നൂറ്റാണ്ടുവരെ നീണ്ടുനിന്ന കുരിശുയുദ്ധങ്ങളാണ്. കുരിശുയുദ്ധം സാമ്രാജ്യത്വ കൊളോണിയൽ ലക്ഷ്യങ്ങളോടെയും, യേശുവിന്റെ അധ്യാപനങ്ങളെ ധിക്കരിച്ചും ക്രൈസ്ത വലോകം നടത്തിയ കൈയേറ്റമാണെന്ന് ഇന്ന് പൊതുവിൽ ചരിത്രകാരന്മാർ സമ്മതിക്കുന്നുണ്ട്. വിശുദ്ധയുദ്ധം എന്ന ആശയം തന്നെ ക്രൈസ്തവതയുമായി ബന്ധപ്പെട്ടതാണെന്നും റെസാ അസ്ലാം കൃത്യമായി ചൂണ്ടിക്കാണിക്കുന്നുണ്ട്.[1] ഇസ്ലാമിൽ യുദ്ധം ഒന്നുകിൽ ന്യായം അല്ലെങ്കിൽ അന്യായം; അതൊരിക്കലും വിശുദ്ധമാകുന്നില്ല.[2] വിശുദ്ധ, ഹിംസ തുടങ്ങി ഇസ്ലാമിനെപ്പറ്റി ജെ. രഘു ഉപയോഗിക്കുന്ന പദപ്രയോഗം ക്രൈസ്തവചരിത്രവുമായി ബന്ധപ്പെട്ടതാണ്. 'കുരിശുയുദ്ധം മുതൽ പാശ്ചാത്യ ക്രൈസ്തവത ഇസ്ലാമിനെക്കുറിച്ച അവാസ്തവവും വികൃതവും സ്റ്റീരിയോടൈപ്പുമായ ചിത്രം വികസിപ്പിച്ചെടു ത്തിരുന്നു' - പടിഞ്ഞാറും ഇസ്ലാമും തമ്മിലുള്ള ബന്ധത്തെപ്പറ്റി ആഴത്തിൽ പഠിച്ച കരൺ ആംസ്ട്രോംഗ് എഴുതി.[3]

യൂറോപ്പിൽ മറ്റൊരിടത്തും സാധ്യമല്ലാത്ത വിധം മുസ്ലിം സ്പെയിനിൽ ജൂത ക്രൈസ്തവ വിഭാഗങ്ങൾ രഞ്ജിപ്പോടെ ഏഴു നൂറ്റാണ്ട് കഴിഞ്ഞത് നാം വിസ്മരിക്കരുതെന്ന് അവർ ഓർമപ്പെടുത്തുന്നു.[4]

ഏതു മതത്തിലും ഉണ്ടാകാവുന്നതാണ് തീവ്രധാര. അതിനെ മതവുമായി ചേർത്തു പറയുന്നത് ശരിയല്ല. ഹിറ്റ്ലർ തന്റെ ചെയ്തികളെ മതപരമായി വ്യാഖ്യാനിച്ചിരുന്നു. എന്നിട്ടും അയാളുടേത് കത്തോലിക്ക ടെററിസമാകുന്നില്ല. ഹിരോഷിമയിലും നാഗസാക്കിയിലും 1945-ൽ വർഷിച്ച ബോംബ് ക്രിസ്ത്യൻ ബോംബല്ല. ഇസ്രയേലിന്റെ ആറ്റം ബോംബ് ജൂത ബോംബോ, ഇന്ത്യയുടേത് ഹിന്ദു ബോംബോ അല്ല. എന്നാൽ പാകിസ്താന്റേത് ഇസ്ലാമിക ബോംബാണ്. ആർ.എസ്.എസ്, ബജ്റംഗ്ദൾ, വി.എച്ച്.പി, രൺവീർ സേന തുടങ്ങിയവയെയൊന്നും ടെററിസ്റ്റ് സംഘങ്ങളായി പരിഗണിക്കാത്തതും അധികാരം ജ്ഞാനത്തെ നിർണയിക്കുന്നുവെന്ന ഫൂക്കോയുടെ നിഗമനത്തെ സാധൂകരിക്കുന്നതാണ്. ഇസ്രയേലിന്റെ ലബനൻ ആക്രമണത്തെ ചെറുക്കാനായി 1982-ൽ രൂപം കൊണ്ട പ്രതിരോധ പ്രസ്ഥാനമാണ് ഹിസ്ബുല്ല; ഫലസ്തീനികളുടെ ചെറുത്തുനിൽപ് ഗ്രൂപ്പാണ് ഹമാസ്. ഇവരെ ഭീകരപ്രസ്ഥാനങ്ങളാക്കി മുദ്രകുത്തുന്ന ഇസ്രയേൽ-യു.എസ് നയമാണ് യഥാർഥത്തിൽ ഭീകരത.

കിഴക്കിനെ പടിഞ്ഞാറിനെക്കാൾ ദുർബലമായും ബുദ്ധിപരമായി പിന്നാക്കം നിൽക്കുന്നതായും കരുതി വംശീയമായി ന്യായീകരിക്കാനുമുള്ള ശ്രമങ്ങളാണ് കൊളോണിയലിസത്തിലും അവരുടെ ഓറിയന്റലിസ്റ്റ് ജ്ഞാനപദ്ധതിയിലും കാണുന്നത്. 1989-ലെ സോവിയറ്റ് യൂണിയന്റെ തിരോധാനത്തിനു ശേഷം അത് ഇസ്ലാമോഫോബിയയായി പുനർജനിച്ചിരിക്കുകയാണെന്ന് സാംസ്കാരിക ചരിത്രം സൂക്ഷ്മമായി വിശകലനം ചെയ്യുന്ന ഒരാൾക്ക് കാണാതിരിക്കാനാവില്ല.

ഓറിയന്റലിസ്റ്റ് സമീപനം മുസ്ലിം രാഷ്ട്രങ്ങളടക്കമുള്ള പൗരസ്ത്യലോകത്തെക്കുറിച്ച അയഥാർഥമായ പ്രതിനിധീകരണത്തിലേക്ക് നയിച്ചു.[5] അറബ് മുസ്ലിം ജനതക്കെതിരായ യൂറോപ്യൻ മുൻവിധി ഓറിയന്റലിസ്റ്റ് സമീപനത്തിന്റെ മുഖ്യധാരയായിരുന്നുവെന്ന് എഡ്വേർഡ് സെയ്ദ് നിരീക്ഷിച്ചിരുന്നു.[6] എന്നാൽ പടിഞ്ഞാറിന്റേത് കേവലം ഇസ്ലാം വിരോധത്തിൽ മാത്രം ഊന്നിയുള്ളതല്ല. അമേരിക്കയിലും ന്യൂസിലാന്റിലും ആസ്ട്രേലിയയിലുമുണ്ടായിരുന്ന സംസ്കൃതികളെ ക്രൂരമായി തകർത്തുകൊണ്ടാണ് വെള്ളക്കാർ ആധിപത്യം ഉറപ്പിച്ചത്. 15-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കൊളംബസിന്റെ നേതൃത്വത്തിൽ അമേരിക്ക 'കണ്ടുപിടിച്ചതു' മുതലുള്ള 5 നൂറ്റാണ്ടുകാലത്തെ യൂറോപ്യൻ, അമേരിക്കൻ ചരിത്രം മിക്കവാറും ഭീകരതയുടേത് മാത്രമാണ്. അമേരിക്കയിലെ റെഡ് ഇന്ത്യക്കാരോടോ പിന്നീട് ആഫ്രിക്കയിൽ നിന്ന് പിടിച്ചുകൊണ്ടുവന്ന കറുത്തവരോടോ അമേരിക്കൻ വെള്ളക്കാർ നടത്തിയ പാതകങ്ങളെപ്പറ്റി പുതിയ തലമുറക്ക് വേണ്ടത്ര ധാരണയില്ല. കഴിഞ്ഞ ഒന്നര നൂറ്റാണ്ടായി ലോകത്തെമ്പാടും നടത്തിയിട്ടുള്ള അതിക്രമങ്ങളെയൊക്കെ വെള്ളക്കാരന്റെ ദൈവദത്തമായ ഭാരം, മനുഷ്യാവകാശ സംരക്ഷണാർഥമുള്ള ഇടപെടൽ എന്നിങ്ങനെ സ്വന്തം ജനതയെയും കുറെയേറെ ദുർവ്യാഖ്യാനിച്ച് ബുദ്ധിജീവികളെയും വിശ്വസിപ്പിക്കാൻ അവർക്ക് കഴിയുന്നുണ്ട്. ഇന്ത്യൻ മാധ്യമങ്ങൾ പൊതുവെ സവർണകാഴ്ചപ്പാടുകളുടെ പ്രതിനിധികളായിരിക്കുന്നതുപോലെ, യു.എസ് മീഡിയ വലതുപക്ഷ ക്രൈസ്തവതയുടെയും സയണിസത്തിന്റെയും നിയന്ത്രണത്തിലാണ്.

ഏറ്റവും ഭീകരമായ മനുഷ്യാവകാശലംഘനമായ യുദ്ധം അടിച്ചേൽപ്പിക്കുന്നവർ ഇന്ന് മനുഷ്യാവകാശത്തെക്കുറിച്ച് സംസാരിക്കുന്നു. ജനാധിപത്യത്തിനെതിരായ ഏറ്റവും ശക്തമായ വെല്ലുവിളി യു.എസ് സാമ്രാജ്യത്വമായിരിക്കെ, ജനാധിപത്യത്തിന്റെ പേരിൽ അവർ വലിയ വായിൽ അലറുന്നത് പ്രചാരണയുദ്ധത്തിന്റെ ഭാഗമായാണ്. ഇസ്രയേലിന്റെ അതിക്രമങ്ങൾക്ക് പിന്തുണ നൽകാൻ പ്രസിഡന്റ് സ്ഥാനാർഥികൾ പരസ്പരം മത്സരിക്കുന്നതാണ് അമേരിക്കയിൽ നാം കാണുന്നത്. സവർണപ്രീണനത്തിന് മത്സരിക്കുന്ന ഇന്ത്യൻ രാഷ്ട്രീയ-മാധ്യമ ഘടനയോട് ഇതിന് സാമ്യമുണ്ട്. കൊളോണിയൽ ശക്തികളുടെ ഗൂഢപദ്ധതികളാൽ ജന്മമെടുത്ത്, ഭീകരതയിലൂടെ വളർന്ന്, ഭീകരതയിലൂടെ മാത്രം നിലനിൽക്കുന്ന ഇസ്രയേലിനെ ഭീകരതയുടെ ഇരയായി ചിത്രീകരിക്കുകയാണ് ആഗോളമീഡിയ. സാമ്രാജ്യത്വ പാശ്ചാത്യ ശക്തികളാണ് ആഗോളമീഡിയയുടെ 80 ശതമാനത്തിലധികവും നിയന്ത്രിക്കുന്നത് എന്നതാണ് ഇതിനു കാരണം. നിരായുധരായ ഫലസ്തീൻകാരെ അത്യാധുനിക ആയുധങ്ങളാൽ ആക്രമിക്കുന്ന ഇസ്രായേലിന്റേത് സുരക്ഷാസേനക്കാരും ഇരകൾ എപ്പോഴും ഭീകരരും ആയിരിക്കും.

ഇസ്ലാമിനോടുള്ള മുൻവിധിയും വെറുപ്പും വിദ്വേഷവും തദടിസ്ഥാനത്തിലുള്ള വിവേചനവുമായി നിർവചിക്കപ്പെടുന്ന ഇസ്ലാമോഫോബിയ 1990-കളിൽ വളരെ ശക്തിപ്പെടുന്നതും 2001 സെപ്റ്റംബറിനു ശേഷം ഭീകരരൂപം പ്രാപിക്കുന്നതും നമുക്കുകാണാം. പഴയ ആന്റി സെമിറ്റിസത്തിന്റെ സ്ഥാനം ഇന്ന് ഇസ്ലാമോഫോബിയ ഏറ്റെടുത്തുകഴിഞ്ഞു.[7]

തെറ്റായ തെളിവുനൽകി ഇസ്ലാമിനെ ആക്രമിക്കുക എന്നത് പടിഞ്ഞാറിന്റെ സാമ്പ്രദായിക രീതിയായിരുന്നുവെന്ന് നോർമൻ ഡാനിയൽ എടുത്തുകാട്ടുന്നുണ്ട്.[8] പുതിയ രാഷ്ട്രീയ സാമ്പത്തിക ചുറ്റുപാടിൽ അതിനു ശക്തികൂടിയെന്നു മാത്രം. യൂറോപ്പിൽ സെപ്റ്റംബർ 11-നു ശേഷം ഇസ്ലാമോഫോബിക് ആക്രമണങ്ങൾ കൂടിക്കൊണ്ടിരിക്കുകയാണ്.[9] വിമാനയാത്രയിൽ പോലും മുസ്ലിം വേഷധാരികൾ സംശയത്തിന്റെ മുൾമുനയിലായതുകൊണ്ട് *ഫ്ളൈയിംഗ് വൈൽ മുസ്ലിംസ്* എന്ന പ്രയോഗം പോലും ഇംഗ്ലീഷിൽ കയറിക്കൂടിയിരിക്കുന്നു.

ഭീകരതയെ ഇസ്ലാമുമായി ബന്ധപ്പെടുത്തുന്നത് ഇസ്ലാമികമായ എന്തിനെയും മുൻവിധിയോടെ സമീപിക്കാൻ പ്രേരിപ്പിക്കുമെന്ന് ഡഗ്ലസ് പ്രാറ്റ് എഴുതുന്നു.[10] മനുഷ്യരാശി ഇന്നുവരെ കണ്ട ഏറ്റവും രക്തദാഹിയായ മതനിന്ദയായി ജൂത-ക്രൈസ്തവ സയണിസങ്ങളെ വിലയിരുത്തുകയാണ് വിഖ്യാത ബൈബിൾ വ്യാഖ്യാതാവ് കോളിൻ ചാപ്മാൻ.[11] അമേരിക്കയുടെ അഫ്ഗാൻ, ഇറാഖ് അധിനിവേശങ്ങൾക്കും ഇസ്രായേലിന്റെ ലബനാൻ, ഫലസ്തീൻ അധിനിവേശങ്ങൾക്കും തുറന്ന പിന്തുണ നൽകുന്ന, ബുഷ് അടക്കമുള്ളവർ അംഗങ്ങളായ ജൂത-ക്രൈസ്തവ സയണിസമാണ് ആഗോളതലത്തിൽ മനുഷ്യരാശി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ക്രിസ്ത്യൻ സയണിസത്തിന്റെ കുരിശുയുദ്ധ പാരമ്പര്യം കരൺ ആംസ്ട്രോങും കൃത്യമായി തിരിച്ചറിയുന്നുണ്ട്.[12] ഇന്ത്യയിൽ ഹിന്ദുത്വവുമായാണ് അവരുടെ ബാന്ധവം. ഫാഷിസത്തിന് സ്വസ്തിക ചിഹ്നമോ കറുത്ത കുപ്പായമോ വേണമെന്നില്ല. 1930-കളിൽ ലൂസിയാന ഗവർണറായിരുന്ന ഹ്യൂയേലാംഗ്, ഫാഷിസം അമേരിക്കയിലെത്തുക ഫാഷിസ്റ്റ് വിരുദ്ധത എന്ന മുഖംമൂടിയോടെയായിരിക്കുമെന്ന് പ്രവചിച്ചിരുന്നു. അനേകം കൂട്ടക്കുരുതികളിൽ പ്രതികളാക്കപ്പെട്ടവരാണ് ഏരിയൽ ഷാരോണും മേനച്ചം ബെഗിനും. ഇവരിലൊന്നും ഭീകരമുദ്ര കുത്താതെ, അതൊക്കെ അവരുടെ ക്രൂരതയുടെ ഇരകൾക്കുമേൽ ചാർത്താൻ സാ

മ്രാജ്യത്വം വെമ്പുമ്പോൾ അതിനെ എതിർക്കാനാണ് മനുഷ്യസ്നേഹികൾ ധീരത കാട്ടേണ്ടത്.

## വഫാ സുൽത്താന്റെ ഗീർവാണങ്ങൾ

ജെ. രഘു ആധികാരിക വക്താവായി ധാരാളം ഉദ്ധരിച്ച ഡോ. വഫാ സുൽത്താൻ പേരുകേട്ട ഒരു ഇസ്‌ലാമോഫോബിക് ആണ്. തന്റെ ജീവിതത്തിന്റെ വഴിത്തിരിവായി, മുസ്‌ലിം ബ്രദർഹുഡ് അംഗങ്ങൾ സിറിയയിലെ മെഡിക്കൽ സ്കൂളിൽ കയറി പ്രൊഫസറെ വെടിവെച്ചു കൊന്നതാണെന്ന വഫയുടെ അവകാശവാദം നുണയാണെന്ന് അതേ കോളേജിലെ ഡീൻ ആയിരുന്ന ഡോ. റിയാദ് അസ്ഹരി തുറന്നുകാട്ടിയിട്ടുണ്ട്. കാമ്പസിനു പുറത്ത് ഒരു പ്രൊഫസറുടെ വധം നടന്നുവെന്നും അത് ബാതിസ്റ്റുകളാണ് നടത്തിയതെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. പടിഞ്ഞാറിനെ സ്വാതന്ത്ര്യത്തിന്റെ പര്യായമായി അവതരിപ്പിക്കുന്ന വഫ, 15 ലക്ഷത്തോളം ഇറാഖികളെ വധിക്കുകയും ഇറാഖിനെ മുച്ചൂടും നശിപ്പിക്കുകയും 50 ലക്ഷം ഇറാഖികളെ വീട്ടിൽ നിന്ന് ഓടിക്കുകയും ചെയ്ത രാഷ്ട്രത്തിലല്ലേ (അമേരിക്കയിൽ) താങ്കളിപ്പോൾ ഉള്ളത് എന്ന ചോദ്യത്തിന്, 'അവർ വധിക്കുകയും വധിക്കപ്പെടുകയും ചെയ്യുന്നു'എന്ന ഒരു ഖുർആൻ സൂക്ത ഭാഗം ഉദ്ധരിച്ച് ഒഴിഞ്ഞുമാറുകയായിരുന്നു. ഗാസയിലും ഇറാഖിലുമൊക്കെ നടക്കുന്ന യുഎസ്-ഇസ്രയേൽ നരമേധങ്ങളെ ന്യായീകരിക്കുമോ എന്ന ചോദ്യത്തിന്, 900 ബനൂഖുറൈളക്കാരെ നബി വധിച്ചുവെന്ന കള്ളക്കഥ കൊണ്ടാണ് വഫ നേരിടുന്നത്. മുസ്‌ലിംകൾ മാത്രമാണ് ഭീകരകൃത്യങ്ങൾ നടത്തുന്നതെന്ന ശുദ്ധ അസംബന്ധം ഉളുപ്പില്ലാതെ എഴുന്നള്ളിക്കുന്ന വഫ, ബറൂക്ക് ഗോൾഡ്സ്റ്റൈൻ എന്ന ജൂത സയണിസ്റ്റ് 1994 ഫെബ്രുവരി 25-ന് ഒരു മുസ്‌ലിം പള്ളിയിൽകടന്നുചെന്ന് വിശ്വാസികളായ 29 പേരെ വധിച്ചതിന് ജൂതമതത്തെ കുറ്റപ്പെടുത്താൻ കൂട്ടാക്കുന്നുമില്ല. ഹോളോകോസ്റ്റിനു ശേഷം ജൂതർ പ്രാമുഖ്യം നേടിയത് ഭീകരപ്രവർത്തനം കൊണ്ടല്ല, ജ്ഞാനം കൊണ്ടാണെന്നും വഫ തട്ടിവിട്ടു. ഇതൊന്നും വസ്തുതാപരമല്ല. ഗൂഢപദ്ധതികൾ, ക്രൂരത, ആസൂത്രിതമായ ഭീകരത എന്നിവ കൊണ്ടാണ് സയണിസം വളർന്നത്. ഹിറ്റ്ലറെ പോലുള്ളവരോടു പോലും സയണിസം ബാന്ധവം പുലർത്തി.

'എനിക്ക് 1.3 ബില്യൺ രോഗികളുണ്ട്' - മുസ്‌ലിം ജനസംഖ്യയെ സൂചിപ്പിച്ച് വഫാ സുൽത്താൻ മൊഴിഞ്ഞു.[13] ഈ വിധം ഒരു സമൂഹത്തെ മുഴുവൻ മനോരോഗികളായി കണക്കാക്കുന്ന അന്തസ്സാരശൂന്യയായ വഫ സുൽത്താനെയാണ് ആധികാരിക വക്താവായി രഘു ഉദ്ധരിക്കുന്നത്.

സൽമാൻ റുഷ്ദി, ഇബ്നുവറാഖ്, തസ്‌ലീമ നസ്റിൻ, വഫ സുൽത്താൻ എന്നിവർ സാമ്രാജ്യത്വത്തിന്റെ വിനീതദാസന്മാരും മൂട് താങ്ങികളും സ്വാർഥംഭരികളുമാണ്. യു.എസിന്റെ മുസ്‌ലിം നാടുകളിലേക്കുള്ള കടന്നാക്രമണങ്ങൾക്ക് അവർ ഓശാന പാടുന്നു. ഇസ്‌ലാമോഫോബിയ പടർത്തലാണ് അവരുടെ ബിസിനസ്. പടിഞ്ഞാറ് അവരുടെ സാംസ്കാരിക യുദ്ധങ്ങൾക്ക് കരുക്കളായി ഉപയോഗിക്കുന്ന ഇത്തരക്കാരെ തിരിച്ചറിയുന്നതിൽ ബുദ്ധിജീവികൾ പരാജയപ്പെടുകയാണ്.

## ആത്മഹത്യാഭീകരതയും ഇസ്‌ലാമും

ആത്മഹത്യാഭീകരതക്ക് പ്രേരണ നൽകുന്നത് 72 ഹൂറിമാരെക്കുറിച്ച വിശ്വാസമാണെന്ന് രഘു എഴുതുന്നു. മറ്റൊരു മതവിഭാഗവും ഈ വിധം പൊട്ടിത്തെറിക്കുന്നില്ല എന്ന വഫയുടെ വിടുവായിത്തം രഘു ഉദ്ധരിക്കുന്നു. ഏറ്റവും സുവ്യക്തമായ സാമൂഹിക-രാഷ്ട്രീയ യാഥാർഥ്യങ്ങളെ പോലും (അധിനിവേശത്തെയും അതിനോടനുബന്ധിച്ച ക്രൂരതയെയും) നിഷേധിച്ചുകൊണ്ട് ഇരകളിൽ തന്നെ കുറ്റം ചാർത്താനുള്ള സാമ്രാജ്യത്വ പ്രചാരണത്തിന് സ്തുതിപാടുകയാണ് ഇവിടെ രഘു.

1980 മുതൽ 2004 വരെയും (പിന്നീട് 2006 വരെയും) നടന്ന 462 ആത്മഹത്യാ ബോംബിംഗിനെക്കുറിച്ച ഡാറ്റ വിശകലനം ചെയ്തുകൊണ്ട് ചിക്കാഗോ യൂനിവേഴ്സിറ്റിയിലെ പ്രൊഫസർ റോബർട്ട് പേപ്പാണ് ഇതേക്കുറിച്ച ഏറ്റവും ആധികാരികമായ പഠനം നടത്തിയത്.[14]

ആത്മഹത്യാബോംബിംഗിൽ മുന്നിട്ടുനിൽക്കുന്നത് കൂടുതലും ഹിന്ദു പശ്ചാത്തലമുള്ള എൽ.ടി.ടി.ഇയാണെന്ന് പേപ്പ് ചൂണ്ടിക്കാട്ടുന്നു. പേപ്പ് എഴുതുന്നു: 'ആത്മഹത്യാഭീകരത ഇസ്‌ലാമിക മൗലികവാദവുമായോ മറ്റേതെങ്കിലും മൗലികവാദങ്ങളുമായോ ബന്ധപ്പെട്ടതല്ല. മറിച്ച്, മിക്കവാറും എല്ലാ ആത്മഹത്യാഭീകരതയിലും പൊതുവായുള്ളത് മതേതരവും നയതന്ത്രപരവുമായ ലക്ഷ്യങ്ങളാണ്.[15] വിദേശാധിപത്യത്തിന് എതിരിലുള്ള ശക്തമായ പ്രതികരണമാണിത്.[16] സമീപകാലത്തായി ആത്മഹത്യാഭീകരത വർധിച്ചതിനുകാരണം വിദേശാധികാരികളെ പുറത്താക്കുന്നതിൽ അത് വിജയിക്കുന്നു എന്ന തിരിച്ചറിവാണ്.[17] അതുകൊണ്ടുതന്നെ വിദേശ സൈനികാധിനിവേശം ഒഴിവാക്കുകയാണെങ്കിൽ ആത്മഹത്യാഭീകരതയുടെ ഭീഷണിയിൽ നിന്ന് രക്ഷ നേടാൻ കഴിയും. പേപ്പ് പഠിച്ച 315 കേസുകളിൽ 301-ഉം വിദേശ സൈനികാധിപത്യത്തിനെതിരെ നടന്നതാണ്.[18] പലരും ധരിച്ചിരിക്കുന്നതുപോലെ സാമൂഹികമായി ഒറ്റപ്പെടുന്നവരോ സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരോ അല്ല ഭീകരപ്രവർത്തകർ. മിക്കവരും നല്ല വിദ്യാസമ്പന്നരും സാമൂഹിക ബന്ധം പുലർത്തുന്നവരും, ബുദ്ധികൂർമതയുള്ളവരും, നല്ല ഭാവി പ്രതീക്ഷിക്കുന്നവരുമാകും.[19] ഒട്ടുമിക്കവരും മതാന്ധത പുലർത്തുന്നവരല്ല; എന്നാൽ കടുത്ത രാഷ്ട്രീയ പ്രബുദ്ധരാണവർ.[20] അമേരിക്കൻ സൈനികനയമാണ് മുസ്‌ലിം ഭീകരപ്രവർത്തനത്തിന്റെ അടിസ്ഥാനകാരണം.[21] ഇസ്‌ലാമിക മൗലികവാദത്തിന് ഇതിൽ പങ്കുണ്ടെന്നത് ദിവാസ്വപ്നം മാത്രമാണ്.[22] മുസ്‌ലിം നാടുകളിലുള്ള പടിഞ്ഞാറിന്റെ ശക്തിപ്രയോഗം ആത്മഹത്യാഭീകരതയുടെ ഭീഷണി വർധിപ്പിക്കും.[23] ആത്മഹത്യാ ഭീകരത പ്രധാനമായും വിദേശ സൈനികാധിപത്യത്തിനെതിരിലുള്ള പ്രതികരണമാണ്.[24]

അധിനിവേശത്തിന്റെയും അടിച്ചമർത്തലിന്റെയും യുഗത്തിൽ ഇരകളെ തന്നെ കുറ്റവാളികളാക്കി മാറ്റുന്ന മീഡിയ മാജിക്കിനെ യഥാർഥ ബുദ്ധിജീവികൾ തിരിച്ചറിയേണ്ടതുണ്ട്. മുൻവിധി,വ്യാഖ്യാനങ്ങളിൽ വരുത്തുന്ന വ്യത്യാസങ്ങ

**സൽമാൻ റുഷ്ദി, ഇബ്നുവറാഖ്, തസ്‌ലീമ നസ്റിൻ, വഫ സുൽത്താൻ എന്നിവർ സാമ്രാജ്യത്വത്തിന്റെ വിനീതദാസന്മാരും മൂട് താങ്ങികളും സ്വാർഥംഭരികളുമാണ്. യു.എസിന്റെ മുസ്‌ലിം നാടുകളിലേക്കുള്ള കടന്നാക്രമണങ്ങൾക്ക് അവർ ഓശാന പാടുന്നു. ഇസ്‌ലാമോഫോബിയ പടർത്തലാണ് അവരുടെ ബിസിനസ്. പടിഞ്ഞാറ് അവരുടെ സാംസ്കാരിക യുദ്ധങ്ങൾക്ക് കരുക്കളായി ഉപയോഗിക്കുന്ന ഇത്തരക്കാരെ തിരിച്ചറിയുന്നതിൽ ബുദ്ധിജീവികൾ പരാജയപ്പെടുകയാണ്.**

ളെപ്പറ്റി ജോർജ് ഗാഡാമറുടെ നിരീക്ഷണം ശ്രദ്ധേയമാണ്: "സ്വന്തം മുൻവിധികളെപ്പറ്റി എത്ര ബോധവാന്മാരാകുന്നുവോ, അത്ര മാത്രമാണ് ടെക്സ്റ്റ് (പാഠം) നമുക്ക് മനസിലാവുന്നത്. അപ്പോൾ മാത്രമാണ് മുൻധാരണകൾക്ക് പകരം സത്യം ഒരാൾക്ക് വെളിവാക്കപ്പെടുന്നത്."[25] ■

## Reference


1. Reza Aslan, No god but God: The Origins, Evolution, and Future of Islam, Random House: New York, 2005, p.78
2. Ibid, p.81
3. Karen Armstrong, Islam: A Short History, Random House: New York, 2000, p.179-180
4. Karen Armstrong, The Curse of the Infidel, The Guardian, June 20, 2002
5. Zachary Lockman, Contending Visions of the Middle East: The History and Politics of Orientalism, Cambridge University Press: Cambridge, 2004, p.184
6. Edward Said, Orientalism, Routledge & Kegan Paul: London, 1978, p.204
7. William Dalrymple, Islamophobia, New Statesman16 (790), 2004,p.18-24
8. Norman Daniel, Islam and the West: The Making of an Image, Edinburgh University Press: Edinburgh, 1960, p.267
9. R. Greeves, Islam and the West Post 9/11, Ashgate: Aldershot, 2004, p.133
10. Douglas Pratt, The Challenge of Islam: Encounters in Interfaith Dialogue, Ashgate: Aldershot, 2005, p.173
11. Colin Chapman, Whose Promised Land: Israel or Palestine?, Lion: Oxford, 1992, p.277
12. Karen Armstrong, Holy War, Macmillan: London, 1988, p.377
13. Julius Stein, Islam's Ann Coulter, Los Angeles Times, June 25, 2006
14. Robert Pape, Dying to Win: The Strategic Logic of Suicide Terrorism, Random House: New York, 2005
15. Ibid, p.21
16. Ibid, p.23
17. Ibid, p.61
18. Ibid, p.4
19. Ibid, p.200
20. Ibid, p.216
21. Ibid, p.244
22. Ibid, p.244-245
23. Ibid, p.245
24. Ibid, p.23
25. Hans Georg Gadamer, Truth and Method, Seabury Press: New York, 1975, p.238